REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 19-07-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. കാലവർഷക്കെടുതിയിൽ വ്യാപക നാശനഷ്ടം.
- ദുരന്തനിവാരണ നിയമം ഭേദഗതി ചെയ്യുന്നതുൾപ്പെടെ ആറ് പുതിയ ബില്ലുകൾ തിങ്കളാഴ്ച ആരംഭിക്കുന്ന പാർലമെന്റ് വർഷകാല സമ്മേളനത്തിൽ അവതരിപ്പിക്കും.
- ദേശീയ മയക്കുമരുന്ന് ഹെൽപ്പ് ലൈൻ 'മനസ്' 1933 ന് കേന്ദ്ര മന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു.
- കാലഘട്ടത്തിനനുസരിച്ച നവീകരണത്തിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള നിലവാരത്തിലെ ഹബ്ബാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- പെരുമ്പാവൂരിൽ നിയമ വിദ്യാർത്ഥിനിയെ കൊലപ്പെടുത്തിയ കേസിലെ പ്രതി അമീറുൾ ഇസ്ലാമിന്റെ വധശിക്ഷ സുപ്രീം കോടതി സ്റ്റേ ചെയ്തു.
- വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ് ട്വന്റി-20 മത്സരത്തിന് ഇന്ന് ശ്രീലങ്കയിൽ തുടക്കം. ഇന്ത്യ പാകിസ്ഥാനെ നേരിടും.

## വാർത്തകൾ വിശദമായി

**സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. തീവ്രമഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.**

എറണാകുളം, ഇടുക്കി , തൃശൂർ, പാലക്കാട്, മലപ്പുറം,ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തിങ്കളാഴ്ച വരെ മഴ തുടരുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകുന്ന മുന്നറിയിപ്പ്.

കാലവർഷത്തിൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കെടുതി രൂക്ഷമായി.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....(വോയ്സ്).....

കോഴിക്കോട് ജില്ലയിൽ മഴ ശക്തമായി തുടരുന്ന സാഹചര്യത്തിൽ മൂന്ന് ദുരിതാശ്വാസ ക്യാംപുകൾ കൂടി ആരംഭിച്ചു. 77 പേരാണ് ക്യാംപുകളിൽ കഴിയുന്നത്. 40 ഓളം കുടുംബങ്ങൾ ബന്ധുവീടുകളിലേക്ക് മാറി താമസിച്ചു.

ജില്ലയിൽ 21 വിടുകൾ ഭാഗികമായി തകർന്നു. കുറ്റ്യാടി പുഴയിലും മാഹി പുഴയിലും അപകടകരമാം വിധം ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ തീരങ്ങളിൽ താമസിക്കുന്നവർക്ക് ജാഗ്രത നിർദേശം നൽകി. ഇവിടെ താമസിക്കുന്ന പത്തോളം കുടുംബങ്ങളെ മാറ്റി താമസിപ്പിച്ചു. കക്കയം ഡാമിൽ ജലനിരപ്പ് 756.5 മീറ്റർ എത്തിയ സാഹചര്യത്തിൽ രണ്ടാം ഘട്ട മുന്നറിയിപ്പായ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

കോട്ടയം ജില്ലയിൽ 12 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു, 37 കുടുംബങ്ങളിലെ 129 പേരെ മാറ്റിപ്പാർപ്പിച്ചു.

കർണാടക വനത്തിൽ ഉരുൾപൊട്ടിയതിനെ തുടർന്ന് തേജസ്വിനി പുഴ കരകവിഞ്ഞു. കാസർകോട്ട് കാര്യങ്കോട്ടും, പൊടോത്തുരുത്തിയിലും ഉൾപ്പെടെ നിരവധി വീടുകളിൽ വെള്ളം കയറി.

കണ്ണൂർ മാതമംഗലത്തിനടുത്ത് പെരുവാമ്പയിൽ സ്ത്രീ ഒഴുക്കിൽപ്പെട്ട് കാണാതായി. കോടൂർ മാധവിയെയാണ് കാണാതായത്.

വയനാട് നിരവിൽപുഴ കുറ്റ്യാടി റോഡിൽ വാഹന ഗതാഗതം പുനരാരംഭിച്ചു. രാത്രി ശക്തമായ മഴ പെയ്താൽ വീണ്ടും വെള്ളം കയറാൻ സാധ്യത ഉണ്ട് എന്നും യാത്രക്കാർ ജാഗ്രത പാലിക്കണമെന്നും അധികൃതർ അറിയിച്ചു.

ദേശീയപാത 766 ൽ വെള്ളം കയറിയതിനെ തുടർന്ന് യാത്ര തുടരാൻ സാധിക്കാതെ യാത്രക്കാർ വനപാതയിൽ കുടുങ്ങി കിടക്കുകയാണ്. വൈകിട്ടോടെ കർണാടകയിൽ നിന്നെത്തിയ സ്ത്രീകളും കുട്ടികളുമടക്കം നൂറിലേറെ യാത്രക്കാരാണ് പൊൻകുഴി ഭാഗത്ത് കുടുങ്ങിയത്. ഇതോടെ ബത്തേരി മൈസൂർ ദേശീയപാതയിലെ ഗതാഗതം പൂർണ്ണമായും തടസപ്പെട്ടു.

വയനാട് ജില്ലയിൽ മൂന്ന് താലൂക്കുകളിലായി 26 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. 300 കുടുംബങ്ങളിൽ നിന്നായി 1002 പേരാണ് ക്യാമ്പുകളിൽ കഴിയുന്നത്.

ജില്ലയിൽ ഇതുവരെ 29 വീടുകൾ ഭാഗികമായി തകർന്നു. 125 കിണറുകൾ ഇടിഞ്ഞുതാഴ്ന്നു. 125 ഹെക്ടർ കൃഷി നശിച്ചു.

✪✪✪

മഴ തുടരുന്ന സാഹചര്യത്തിൽ ഇന്ന് അഞ്ച് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. കണ്ണൂർ, വയനാട്, പാലക്കാട് ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കാസർകോട്ട് കോളേജുകൾ ഒഴികെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമാണ് അവധി നൽകിയിരിക്കുന്നത്. വയനാട്ടിൽ മോഡൽ റസിസൻഷ്യൽ സ്കൂളുകൾക്ക് അവധി ബാധകമല്ല.

കോഴിക്കോട് ജില്ലയിലെ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ഉൾപ്പെടെ സ്കൂളുകൾക്ക് ഇന്ന് അവധി ആയിരിക്കുമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

മലപ്പുറം, ഇടുക്കി ജില്ലകളിൽ ഭാഗിക അവധി പ്രഖ്യാപിച്ചു. മലപ്പുറം ജില്ലയിൽ അരീക്കോട്, കൊണ്ടോട്ടി ഉപജില്ലകളിലെ പ്രൊഫഷണൽ കോളജുകൾ ഒഴികെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് അവധി പ്രഖ്യാപിച്ചത്.

ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെയും, ചിന്നക്കനാൽ പഞ്ചായത്തിലെയും പ്രൊഫഷണൽ കോളജുകൾ ഉൾപ്പടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് അവധി. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല.

മാഹിയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി നൽകി.

✪✪✪

കണ്ണൂർ ജില്ലയിൽ തുടരുന്ന കനത്ത മഴ വ്യാപകമായ നാശ നഷ്ടമാണ് വരുത്തിയത്. നിരവധി കുടുംബങ്ങൾ വെള്ളപ്പൊക്ക ഭീഷണിയിലാണ്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ......

.....(വോയ്സ്)..............

✪✪✪

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ ശിരുവാണി ഡാമിന്റെ ഷട്ടർ 40 സെന്റീമീറ്റർ ആക്കി ഉയർത്തി.

പാലക്കാട് ആലത്തൂരിൽ സ്കൂൾ ബസ് കനാലിലേക്ക് മറിഞ്ഞ് 11 കുട്ടികൾക്ക് പരിക്കേറ്റു.

✪✪✪

കനത്ത കാറ്റും മഴയും കാരണം വൈദ്യുതി ശൃംഖലയ്ക്ക് വ്യാപക നാശനഷ്ടമുണ്ടായ സാഹചര്യത്തിൽ വൈദ്യുതി പുന:സ്ഥാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഇലക്ട്രിക്കൽ സർക്കിൾ തലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിച്ചു.

അതത് സർക്കിൾ പരിധിയിൽ വരുന്ന ഉപഭോക്താക്കൾക്ക് കൺട്രോൾ റൂം നമ്പരിലേക്ക് വിളിച്ച് പരാതി അറിയിക്കാൻ കഴിയും. പരാതി അറിയിക്കാൻ ഇലക്ട്രിക്കൽ ഡിവിഷൻ അടിസ്ഥാനത്തിൽ വാട്സാപ് നമ്പരും വൈകാതെ നിലവിൽ വരും.

മഴക്കെടുതിയിൽ വൈദ്യുത വിതരണ സംവിധാനത്തിന് ഈ മാസം 15 മുതൽ 17 വരെ 37 കോടി 64 ലക്ഷം രൂപയുടെ നഷ്ടമുണ്ടായെന്ന് KSEB അറിയിച്ചു.

✪✪✪

ദുരന്തനിവാരണ നിയമം ഭേദഗതി ചെയ്യുന്നതുൾപ്പെടെ ആറ് പുതിയ ബില്ലുകൾ തിങ്കളാഴ്ച ആരംഭിക്കുന്ന പാർലമെന്റ് വർഷകാല സമ്മേളനത്തിൽ അവതരിപ്പിക്കും. ചൊവ്വാഴ്ച ധനമന്ത്രി നിർമല സീതാരാമൻ കേന്ദ്ര ബജറ്റ് അവതരിപ്പിക്കും.

ലോക്സഭാ സ്പീക്കർ ഓം ബിർള പാർലമെന്ററി അജണ്ട തീരുമാനിക്കുന്ന കാര്യോപദേശക സമിതി രൂപീകരിച്ചു.

✪✪✪

രാജ്യത്തെ വിമാനത്താവളങ്ങളിൽ പ്രവർത്തിക്കുന്ന കസ്റ്റംസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ കൊച്ചിൻ ഇന്റർനാഷണൽ ഏവിയേഷൻ സർവീസസ് ലിമിറ്റഡും നാഷണൽ അക്കാദമി ഓഫ് കസ്റ്റംസ്, ഇൻഡയറക്റ്റ് ടാക്സ്സ് ആൻഡ് നാർക്കോട്ടിക്സും ധാരണാപത്രം ഒപ്പുവച്ചു. കസ്റ്റംസ് ഉദ്യോഗസ്ഥർക്കായി നൂതന സ്റ്റിമുലേഷൻ അധിഷ്ഠിത സാങ്കേതികവിദ്യ ഉപയോഗിച്ചു ബാഗേജ് പരിശോധനയിലുൾപ്പെടെ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ധാരണപത്രം തയ്യാറാക്കിയിരിക്കുന്നത്. കാർഗോ ഇൻസ്പെക്ഷൻ പരിശീലനം, മയക്ക് മരുന്ന് ഉപയോഗം തടയുന്നതിനായി പൊതുജനങ്ങൾക്കായി ബോധവത്കരണ ക്ലാസ്സുകൾ തുടങ്ങിയവയും ഇരു സ്ഥാപനങ്ങളും സഹകരിച്ച് നടത്തും.

✪✪✪

കാലഘട്ടത്തിനനുസരിച്ച നവീകരണത്തിലൂടെ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള നിലവാരത്തിലെ ഹബ്ബാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരം ഗവ. ആർട്സ് കോളജ് ശതാബ്ദി ആഘോഷ പരിപാടികൾ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ഇതിന്റെ ഭാഗമായാണ് നാല് വർഷ ബിരുദ കോഴ്സുകൾക്ക് തുടക്കം കുറിച്ചത്. പഠനത്തോടൊപ്പം ജോലിയും നൈപുണ്യവും മെച്ചപ്പെടുത്താനും, അഭിരുചിക്കനുസരിച്ച കോഴ്സുകൾ തെരഞ്ഞെടുക്കാനും വിദ്യാർത്ഥിക്ക് സാധിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

പെരുമ്പാവൂരിൽ നിയമ വിദ്യാർത്ഥിനിയെ കൊലപ്പെടുത്തിയ കേസിലെ പ്രതി അമീറുൾ ഇസ്ലാമിന്റെ വധശിക്ഷ സുപ്രീം കോടതി സ്റ്റേ ചെയ്തു. ഹർജിയിൽ സംസ്ഥാന ഗവൺമെന്റിന് സുപ്രീം കോടതി നോട്ടീസ് അയച്ചു.

നിയമ വിദ്യാർത്ഥിനിയെ ക്രൂരമായി കൊലപ്പെടുത്തിയ കേസിൽ അമറുൾ ഇസ്ലാമിന് വിചാരണക്കോടതി വിധിച്ച വധശിക്ഷ ഹൈക്കോടതി ശരിവെച്ചിരുന്നു. ഇതിനെതിരെയാണ് പ്രതി സുപ്രീം കോടതിയെ സമീപിച്ചത്. പ്രതിയുടെ മാനസിക നില സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ കോടതി തൃശൂർ മെഡിക്കൽ കോളേജിനോട് നിർദേശിച്ചു. കൂടാതെ പ്രതിയുടെ ജയിലിലെ പെരുമാറ്റം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ വിയ്യൂർ ജയിൽ അധികൃതരോടും കോടതി നിർദ്ദേശം നൽകി.

✪✪✪

ഖേലോ ഇന്ത്യ റൈസിംഗ് ടാലന്റ്- കീർത്തി - യുടെ രണ്ടാം ഘട്ടം കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ആധുനിക ITC ഉപകരണങ്ങളും, ആഗോളതലത്തിലെ മികച്ച സമ്പ്രദായങ്ങളും അടിസ്ഥാനമാക്കി താഴെത്തട്ടിലെ കഴിവുകൾ കണ്ടെത്തി പ്രതിഭകളെ പ്രോത്സാഹിപ്പിക്കുവാനാണ് സംരംഭം ലക്ഷ്യമിടുന്നതെന്ന് കായികമന്ത്രാലയം അറിയിച്ചു. എല്ലാ സംസ്ഥാനങ്ങളിലുമായി 2024-25ൽ 20 ലക്ഷം മൂല്യനിർണയം നേടുകയാണ് പദ്ധതിയുടെ ലക്ഷ്യം.

✪✪✪

വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ് ട്വന്റി-20 മത്സരം ഇന്ന് ശ്രീലങ്കയിലെ ദാംബുള്ളയിൽ ആരംഭിക്കും. നിലവിൽ ചാമ്പ്യന്മാരായ ഇന്ത്യ പാകിസ്ഥാനെ നേരിടും. വൈകീട്ട് 7 മണിക്കാണ് മത്സരം.

ആദ്യമത്സരത്തിൽ ഉച്ചക്ക് രണ്ടിന് ഗ്രൂപ്പ് എയിൽ UAE, നേപ്പാളിനെ നേരിടും.

✪✪✪

ശ്രീലങ്കയ്ക്കെതിരായ ടി-20 പരമ്പരയിലെയും, ഏകദിനത്തിലെയും ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. ടി-20 യിൽ സൂര്യകുമാർ യാദവും ഏകദിനത്തിൽ രോഹിത്ത് ശർമ്മയുമാണ് ടീമിനെ നയിക്കുക. ശുഭ്മാൻ ഗിൽ ആണ് രണ്ട് ഫോർമാറ്റിലെയും വൈസ് ക്യാപ്റ്റൻ.

മലയാളി താരം സഞ്ജു സാംസൺ ടി-20 ടീമിൽ ഇടം പിടിച്ചു. രോഹിത് ശർമ, വിരാട് കോലി എന്നിവരും ഏകദിന ടീമിലുണ്ട്.

✪✪✪

യുനിസെഫ് അടുത്തിടെ പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ വാക്സിൻ എടുക്കാത്ത കുട്ടികൾ, കൂടുതലാണെന്ന ചില മാധ്യമ റിപ്പോർട്ടുകൾ ശരിയല്ലെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

രാജ്യത്തെ വാക്സിനേഷൻ ഡാറ്റയുടെ അപൂർണ്ണമായ ചിത്രമാണ് ഈ റിപ്പോർട്ടുകൾ പ്രതിഫലിപ്പിക്കുന്നതെന്നും താരതമ്യം ചെയ്ത മറ്റു രാജ്യങ്ങളുടെ ജനസംഖ്യയും വാക്സിനേഷൻ കവറേജും മാനദണ്ഡ ഘടകം ആയി റിപ്പോർട്ടുകൾ പരിഗണിച്ചിട്ടില്ലെന്നും കേന്ദ്ര ആരോഗ്യമന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി.

ഗവൺമെന്റിന്റെ വാക്സിനേഷൻ ശ്രമങ്ങളുടെ കൃത്യവും സമ്പൂർണവുമായ വിവരങ്ങൾ, ആപേക്ഷിക ഡാറ്റയുടെ സമഗ്രമായ വിശകലനത്തിലൂടെയും വിവിധ വാക്സിനേഷൻ പദ്ധതികളുടെ വിലയിരുത്തലിലൂടെയും മനസ്സിലാക്കാൻ കഴിയും.

ഇതുവരെ ഒരു ഡോസ് വാക്സിനും എടുക്കാത്ത കുട്ടികളിലും, വാക്സിനേഷൻ പൂർത്തിയാക്കാത്ത കുട്ടികളിലും എത്തിച്ചേരാൻ, സംസ്ഥാനങ്ങളുടെ പിന്തുണയോടെ മിഷൻ ഇന്ദ്രധനുഷ്, തീവ്ര മിഷൻ ഇന്ദ്രധനുഷ് എന്നീ പദ്ധതികൾ രാജ്യത്ത് നടപ്പാക്കിയിട്ടുണ്ട്. ഇത് 2014-2023 കാലയളവിൽ സീറോ ഡോസ് കുട്ടികളുടെ എണ്ണത്തിൽ 34% കുറവുണ്ടാക്കി. 2014 മുതൽ, മിഷൻ ഇന്ദ്രധനുഷിന്റെ 12 ഘട്ടങ്ങൾ എല്ലാ ജില്ലകളിലും നടത്തി. ഇതുവഴി അഞ്ച് കോടി 46 ലക്ഷം കുട്ടികൾക്കും ഒരു കോടി 32 ലക്ഷം ഗർഭിണികൾക്കും എല്ലാ ഘട്ടങ്ങളിലായും വാക്സിനേഷൻ നൽകി. വാക്സിനെടുക്കാത്ത കുട്ടികളുടെ ശതമാനം, രാജ്യത്തെ മൊത്തം ജനസംഖ്യയുടെ 0.11 ശതമാനം മാത്രമാണെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

നബാർഡിന്റെ സംയോജിത ആദിവാസി വികസന പദ്ധതിക്ക് തിരുവനന്തപുരം ജില്ലയിൽ തുടക്കമായി. അമ്പൂരി ഗ്രാമപഞ്ചായത്തിലെ 12 ഇടങ്ങളിലെ 500 കുടുംബങ്ങളെ ഉൾപെടുത്തി 3 കോടി 75 ലക്ഷം രൂപ ചെലവിലാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ഓപ്പറേഷൻ ലൈഫിന്റെ ഭാഗമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് രണ്ട് ദിവസത്തെ സ്പെഷ്യൽ ഡ്രൈവിൽ 2,644 സ്ഥാപനങ്ങളിൽ പരിശോധ നടത്തി. കാലവർഷവുമായി ബന്ധപ്പെട്ട് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ ഭക്ഷ്യ സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും ശുചിത്വം ഉറപ്പ് വരുത്തുകയായിരുന്നു ലക്ഷ്യം. ജീവനക്കാരുടെ ഹെൽത്ത് കാർഡ്, വ്യക്തി ശുചിത്വം, പാചകത്തിന് ഉപയോഗിക്കുന്ന വെള്ളം തുടങ്ങിയവ പരിശോധിച്ചു.

✪✪✪

ബാലുശേരിയിൽ ക്വാറിക്ക് സമീപം 4 സെന്റിൽ ഒറ്റക്ക് താമസിക്കുന്ന വയോധികയായ വിധവയുടെ കൂര പൊളിച്ചുമാറ്റാൻ ഉത്തരവിട്ട ബാലുശേരി പഞ്ചായത്ത് സെക്രട്ടറിയെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ വിളിച്ചു വരുത്തും.

അടുത്ത ബുധനാഴ്ച കോഴിക്കോട് ഗവ.ഗസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ പഞ്ചായത്ത് സെക്രട്ടറി നേരിട്ട് ഹാജരായി വിശദീകരണം സമർപ്പിക്കണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജൂനാഥ് ഉത്തരവിട്ടു.

✪✪✪